# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി നാളെ അഭിസംബോധന ചെയ്യും. ലോക്സഭ സ്പീക്കറായി ബി ജെ പി യുടെ മുതിർന്ന നേതാവ് ഓം ബിർളയെ തിരഞ്ഞെടുത്തു.

The President will address a joint session of Parliament tomorrow. Senior BJP leader Om Birla was elected as Lok Sabha Speaker.

2. ഇന്ത്യ-മ്യാൻമർ അതിർത്തി പ്രദേശങ്ങളിൽ തുടരുന്ന അക്രമങ്ങളിലും അസ്ഥിരതയിലും, ഇന്ത്യയുടെ ആശങ്ക മ്യാൻമർ വിദേശകാര്യ മന്ത്രിയെ അറിയിച്ച് കേന്ദ്ര മന്ത്രി എസ്. ജയശങ്കർ.

In the ongoing violence and instability in India-Myanmar border areas the concern was conveyed to the Myanmar Foreign Minister by Union Minister S. Jaya Shankar.

3. ദശലക്ഷക്കണക്കിനു ക്ഷീരകർഷകരുടെ അധ്വാനത്തിലൂടെയാണ് ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോത്പാദക രാജ്യമായി ഇന്ത്യ വളർന്നതെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് .

Union Minister Rajiv Ranjan Singh said that India has become the largest milk producing country in the world through the labor of millions of dairy farmers.

4. രാജ്യത്തെ തെക്ക്-പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

The Central Meteorological Department said that heavy rainfall will continue in the south-western states of the country. Orange alert in eight districts of Kerala today.

5. ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി മത്സരങ്ങൾ നാളെ. ഇന്ത്യ - ഇംഗ്ലണ്ടിനെയും,അഫ്ഗാനിസ്ഥാൻ - ദക്ഷിണാഫ്രിക്കയെയും നേരിടും.

Twenty-20 Men's World Cup Cricket Semi Matches Tomorrow. India will face England and Afghanistan will face South Africa.

&&&&&&&&&&&&&&&&&&

## RAJYASABHA

രാജ്യസഭാ സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറിന്റെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെൻറ് സമ്മേളനം.

&&&&&&&&&&&&&&&&&&

## NEW LS-SPEAKER

പതിനെട്ടാം ലോക്സഭയുടെ സ്പീക്കറായി ബി ജെ പി യുടെ മുതിർന്ന നേതാവ് ഓം ബിർളയെ തിരഞ്ഞെടുത്തു. ഇന്ന് നടന്ന തിരഞ്ഞെടുപ്പിൽ ഓം ബിർളയെ സ്പീക്കറാക്കാനുള്ള പ്രമേയം ശബ്ദ

വോട്ടോടെയാണ് അംഗീകരിച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കൊപ്പം 12 എൻ ഡി എ നേതാക്കളും ബിർളയെ സ്പീക്കറായി തിരഞ്ഞെടുക്കാനുള്ള പ്രമേയങ്ങൾ അവതരിപ്പിച്ചു .തിരഞ്ഞെടുപ്പിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു എന്നിവർ ചേർന്ന് ശ്രീ ബിർളയെ സ്പീക്കറുടെ കസേരയിലേക്ക് ആനയിച്ചു.

അടുത്ത 5 വർഷം ലോക്സഭയെ നയിക്കുന്നതിൽ അദ്ദേഹത്തിന്റെ പരിചയ സമ്പത്ത് ഏറെ ഗുണം ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ ജനങ്ങളുടെ ശബ്ദത്തെയാണ് ലോക്സഭ പ്രതിനിധീകരിക്കുന്നതെന്നും സ്പീക്കറെന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ പ്രതിപക്ഷത്തിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്നും ശ്രീ രാഹുൽ ഗാന്ധി വ്യക്തമാക്കി. വീണ്ടും ലോക് സഭാസ്പീക്കറായി പ്രവർത്തിക്കാൻ അവസരം നൽകിയതിനും തന്നിൽ വിശ്വാസമർപ്പിച്ചതിനും സഭയിലെ എല്ലാ അംഗങ്ങൾക്കും ശ്രീ ഓം ബിർള നന്ദി അറിയിച്ചു. പതിനേഴാം ലോക്സഭയിലും സ്പീക്കർ സ്ഥാനം വഹിച്ച ശ്രീ ഓം ബിർള മൂന്നാം വട്ടമാണ് ലോക്സഭയിലെത്തുന്നത്. മാവേലിക്കരയിൽ നിന്നുള്ള കോൺഗ്രസ് എം പി കൊടിക്കുന്നിൽ സുരേഷായിരുന്നു പ്രതിപക്ഷത്തിൻറെ സ്പീക്കർ സ്ഥാനാർഥി.

&&&&&&&&&&&&&&&&&&&

## <u>LS-PROCEEDING (INTRO)</u>

ലോക്സഭ അംഗങ്ങൾക്ക്, പുതിയ മന്ത്രിസഭയിലെ അംഗങ്ങളെ പരിചയപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക്സഭാ സ്പീക്കർ തിരഞ്ഞെടുപ്പിന് ശേഷമാണ് ശ്രീ മോദി തന്റെ സർക്കാരിലെ അംഗങ്ങളെ പരിചയപ്പെടുത്തിയത്.

*വിശദശാംശങ്ങളിലേക്ക്.*

കേന്ദ്ര കാബിനറ്റ് മന്ത്രിമാരെയും സ്വതന്ത്ര ചുമതല വഹിക്കുന്ന കേന്ദ്ര സഹ മന്ത്രിമാരെയും മറ്റു കേന്ദ്ര സഹമന്ത്രിമാരെയും പ്രധാനമന്ത്രി സഭയിൽ പരിചയപ്പെടുത്തി. സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ഓം ബിർള 1975 ജൂൺ 25-ന് രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയ സംഭവം അനുസ്മരിച്ചു . സഭ ആ സംഭവത്തെ ശക്തമായി അപലപിക്കുന്നതായി അദ്ദേഹം വ്യക്ത്തമാക്കി. . അടിയന്തരാവസ്ഥയെ ലോക്സഭാ സ്പീക്കർ ശക്തമായി അപലപിച്ചതിൽ സന്തോഷമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അടിയന്തരാവസ്ഥക്കാലത്തെ സംഭവങ്ങൾ സ്വേച്ഛാധിപത്യം എങ്ങനെയായിരിക്കും എന്നതിൻറെ ഉദാഹരണമാണെന്നും ശ്രീ മോദി കൂട്ടിച്ചേർത്തു. സ്പീക്കറുടെ പരാമർശങ്ങൾക്കിടെ കോൺഗ്രസ് കേന്ദ്ര സർക്കാരിനെതിരെ മുദ്രാവാക്യം വിളിച്ചു. മോദി സർക്കാർ ഭരണഘടനയെ തകർക്കുകയാണെന്ന് ആരോപിച്ചായിരുന്നു പ്രതിഷേധം. തുടർന്ന് അടിയന്തരാവസ്ഥക്കാലത്ത് ജീവൻ നഷ്ടപ്പെട്ടവരെ അനുസ്മരിച്ച് മൗനം ആചരിച്ച സഭ അടിയന്തരാവസ്ഥയ്ക്കെതിരായ പ്രമേയം അംഗീകരിച്ചശേഷം ഇന്നത്തേക്ക് പിരിഞ്ഞു. അതിനിടെ 1975ലെ അടിയന്തരാവസ്ഥയ്ക്കെതിരെ ഭരണകക്ഷിയായ എൻഡിഎ എംപിമാർ പാർലമെൻറിന് പുറത്ത് പ്രകടനം നടത്തി. അടിയന്തരാവസ്ഥ ഏർപ്പെടുത്തിയതിന് കോൺഗ്രസ് മാപ്പ് പറയണമെന്ന പ്ലക്കാർഡുകൾ ഉയർത്തിയാണ് ഭരണകക്ഷി എംപിമാർ മുദ്രാവാക്യം വിളിച്ചത് .

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&

## TMC–RIJIJU

സ്പീക്കർ തെരഞ്ഞെടുപ്പിനിടെ വോട്ട് വിഭജനം വേണമെന്ന ആവശ്യം പ്രോടെം സ്പീക്കർ അംഗീകരിച്ചില്ലെന്ന ആരോപണത്തെ വിമർശിച് കേന്ദ്ര പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു. പ്രതിപക്ഷം ഔപചാരികമായ ഒരു ആവശ്യവും ഉന്നയിച്ചിട്ടില്ലെന്ന്

അദ്ദേഹം പറഞ്ഞു. വോട്ട് വിഭജനം ഏറ്റെടുക്കാൻ സർക്കാർ ആഗ്രഹിക്കുന്നു. എന്നാൽ, ശബ്ദവോട്ടെടുപ്പിനിടെ സ്പീക്കർ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നടന്നപ്പോൾ പ്രതിപക്ഷം ഔപചാരികമായ ആവശ്യങ്ങളൊന്നും ഉന്നയിച്ചില്ലെന്നു അദ്ദേഹം പാർലമെൻറിന് പുറത്ത് മാധ്യമപ്രവർത്തകരോട് പറഞ്ഞു. വോട്ട് വിഭജനത്തിനായി പ്രതിപക്ഷം ഉന്നയിച്ച ആവശ്യം പ്രോടേം സ്പീക്കർ ഭർതൃഹരി മഹ്താബ് ശ്രദ്ധിച്ചില്ലെന്ന് ടിഎംസി എംപിമാരായ കല്യാണ് ബാനർജിയും അഭിഷേക് ബാനർജിയും ആരോപിച്ചു.

&&&&&&&&&&&&&&&&&&

**RAHUL GANDHI**

ലോക്സഭാ പ്രതിപക്ഷ നേതാവായി രാഹുൽ ഗാന്ധിയെ നിയമിച്ചതിനെ സ്വാഗതം ചെയ്ത് മഹാ വികാസ് അഘാഡി നേതാക്കൾ. രാഹുൽ ഗാന്ധിക്ക് അഭിനന്ദനം അറിയിച്ച സഖ്യകക്ഷി നേതാക്കൾ, ഭരണഘടന സംരക്ഷിക്കുന്നതിനും ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുമുള്ള ചവിട്ടുപടിയാണ് ഇതെന്നും അഭിപ്രായപ്പെട്ടു. പാർട്ടി ഉന്നതതല യോഗത്തിന് ശേഷം ജനറൽ സെക്രട്ടറി കെ.സി.വേണുഗോപാലാണ് രാഹുൽ ഗാന്ധിയെ പ്രതിപക്ഷ നേതാവായി പ്രഖ്യാപിച്ചത്. രാഹുൽ ഗാന്ധി സഭയിലെ പ്രതിപക്ഷ നേതാവാകുമെന്ന് അറിയിച്ച് കോൺഗ്രസ് പാർലമെൻററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി, പ്രോടേം സ്പീക്കർ ഭർതൃഹരി മെഹ്താബിന് കത്തയച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**ARVIND KEJRIWAL**

മദ്യനയ അഴിമതി കേസിൽ സി.ബി.ഐ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ സി ബി ഐ കസ്റ്റഡിയിൽ. കെജ്‌രിവാളിനെ ഡൽഹി കോടതിയിൽ ഹാജരാക്കിയപ്പോൾ ഇന്നലെയാണ് സി.ബി.ഐ അറസ്റ്റ് ചെയ്തത്.

അതേസമയം കള്ളപ്പണം വെളുപ്പിക്കൽ കേസിൽ വിചാരണ കോടതി അനുവദിച്ച ജാമ്യം സ്റ്റേ ചെയ്ത ഹൈക്കോടതി ഇടക്കാല ഉത്തരവിനെതിരെ സമർപ്പിച്ച ഹർജി, അരവിന്ദ് കേജ്രിവാൾ പിൻവലിച്ചു. പുതിയ ഹർജിയുമായി കേജ്രിവാൾ പരമോന്നത കോടതിയെ സമീപിക്കും.

&&&&&&&&&&&&&&&&&&

## JAISHANKAR MYANMAR FM

ഇന്ത്യ-മ്യാൻമർ അതിർത്തി പ്രദേശങ്ങളിൽ തുടരുന്ന അക്രമങ്ങളെക്കുറിച്ചും അസ്ഥിരതയെക്കുറിച്ചും രാജ്യത്തിന്റെ ആഴത്തിലുള്ള ആശങ്ക മ്യാൻമർ വിദേശകാര്യ മന്ത്രിയെ അറിയിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഇരുനേതാക്കളും ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച്ച നടത്തി. നിയമവിരുദ്ധമായി മയക്കുമരുന്നും , ആയുധങ്ങളും കടത്തൽ , വ്യക്തികളെ കടത്തൽ എന്നീ വിഷയങ്ങളും മ്യാൻമർ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ താൻ ഷ്വേയുമായി ചർച്ച ചെയ്തതായി ശ്രീ ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. മ്യാവഡിയിൽ കുടുങ്ങിയ ഇന്ത്യൻ പൗരന്മാരെ പെട്ടെന്ന് തിരിച്ചെത്തിക്കുന്നതിന് മ്യാൻമർ വിദേശകാര്യ മന്ത്രിയുടെ സഹകരണം അഭ്യർത്ഥിച്ചതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAJEEV-RANJAN

ലോകത്തിലെ ഏറ്റവും വലിയ ക്ഷീരോത്പാദക രാജ്യമായി ഇന്ത്യ വളർന്നതിൽ ദശലക്ഷക്കണക്കിനു ക്ഷീരകർഷകരുടെ അധ്വാനമുണ്ടെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. ഇന്റർനാഷണൽ ഡയറി ഫെഡറേഷൻ കൊച്ചിയിൽ

സംഘടിപ്പിച്ച 'റീജിയണൽ ഡയറി കോൺഫറൻസ് - ഏഷ്യ പസഫിക് 2024' ത്രിദിന സമ്മേളനത്തെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## DRDO

മീഡിയം റേഞ്ച്-മൈക്രോവേവ് ഒബ്സ്ക്യൂറൻ്റ് ചാഫ് റോക്കറ്റ് ഇന്ത്യൻ നാവികസേനയ്ക്ക് കൈമാറി DRDO. ന്യൂ ഡൽഹിയിൽ നടന്ന ചടങ്ങിൽ ആണ് റോക്കറ്റ് കൈമാറിയത്. DRDO യുടെ ജോധ്പൂരിലെ പ്രതിരോധ ഗവേഷണ കേന്ദ്രം വികസിപ്പിച്ചെടുത്ത ഒരു പ്രധാന സാങ്കേതികവിദ്യയാണ് മൈക്രോവേവ് ഒബ്സ്ക്യൂറൻറ് ചാഫ്.

&&&&&&&&&&&&&&&&&&

## KERALA –NIYAMASABHA

പച്ചക്കറികളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് റോജി എം ജോൺ ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. വിലക്കയറ്റം നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ സർക്കാർ തയ്യാറായിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. എന്നാൽ സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി ജി ആർ അനിൽ മറുപടി നൽകി.

&&&&&&&&&&&&&&&&&&

## RAIN – KERALA

രാജ്യത്തെ തെക്ക്-പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ
വകുപ്പ്.കേരളത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് കണ്ണൂർ ,കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെ പത്തനംതിട്ട ജില്ലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഇന്ന് രാത്രിയാത്രയ്ക്ക് നിരോധിച്ചിട്ടുണ്ട്. കേരളം- ലക്ഷദ്വീപ്, കർണ്ണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CRICKET

ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ നാളെ ആരംഭിക്കും. നാളെ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയുമായും രണ്ടാം സെമിയിൽ രാത്രി എട്ടിന് ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെ 8 റൺസിന് പാരാജയപ്പെടുത്തിയാണ് അഫ്ഗാനിസ്ഥാൻ സെമി യോഗ്യത നേടിയത്. ഇതോടെ ഓസ്ട്രേലിയ ടൂർണമെൻറിൽ നിന്ന് പുറത്തായി. തിങ്കളാഴ്ച നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്.

&&&&&&&&&&&&&&&&&&

## CBI NEET PAPER LEAK HAZARIBAGH

നീറ്റ് പരീക്ഷ ക്രമക്കേട് അന്വേഷിക്കാൻ സിബിഐ സംഘം ഇന്ന് ജാർഖണ്ഡിൽ ഹസാരിബാഗിലെ ഒയാസിസ് സ്കൂളിലെത്തി. വിഷയവുമായി ബന്ധപ്പെട്ട് സ്കൂൾ പ്രിൻസിപ്പലിനെ സിബിഐ ചോദ്യം ചെയ്തു. ചോർന്ന ചോദ്യപേപ്പർ കൊണ്ടുപോകുന്നതിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ സിബിഐയോട് പറഞ്ഞു. ചോദ്യപേപ്പറുകൾ സൂക്ഷിച്ചിരുന്ന എസ്ബിഐ ഹസാരിബാഗിലെ ഉദ്യോഗസ്ഥരെയും സിബിഐ സംഘം ചോദ്യം ചെയ്തു.

&&&&&&&&&&&&&&&&&&

## NATO SECRETARY GENERAL

സ്ഥാനമൊഴിയുന്ന ഡച്ച് പ്രധാനമന്ത്രി മാർക്ക് റുട്ടെയെ നാറ്റോ സഖ്യത്തിന്റെ അടുത്ത സെക്രട്ടറി ജനറലായി നിയമിക്കാൻ നോർത്ത് അറ്റ്ലാൻ്റിക് കൗൺസിൽ തീരുമാനിച്ചു. ഒക്ടോബർ ഒന്നിന് നാറ്റോയുടെ സെക്രട്ടറി ജനറലായി റുട്ടെ ചുമതലയേൽക്കുമെന്ന് നാറ്റോ അറിയിച്ചു ജൂൺ 19-ന് റൊമാനിയൻ പ്രസിഡൻറ് ക്ലോസ് ഇയോഹാനിസ് , നാറ്റോയുടെ സെക്രട്ടറി ജനറൽ സ്ഥാനത്തേക്കുള്ള മത്സരത്തിൽ നിന്ന് പിന്മാറുന്നതായി ഔദ്യോഗികമായി പ്രഖ്യാപിച്ചിരുന്നു. . തൽഫലമായി, 32 അംഗരാജ്യങ്ങളുടെയും പിന്തുണ റുട്ടെയ്ക്ക് ലഭിച്ചു.

&&&&&&&&&&&&&&&&&&

## NEW CRIMINAL LAWS

രാജ്യത്ത് ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നീ മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരും.കഴിഞ്ഞ വർഷത്തെ ശീതകാല

സമ്മേളനത്തിലാണ് ഈ ബില്ലുകൾ പാർലമെൻറ് പാസാക്കിയത്. പുതിയ ക്രിമിനൽ നിയമങ്ങൾ ഇന്ത്യൻ ജനതയെ ശാക്തീകരിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പാണ്. പുതിയ സംവിധാനത്തിലേക്ക് തടസ്സങ്ങളില്ലാതെ മാറുന്നതിന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്രം സാങ്കേതിക സഹായം നൽകുന്നുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&

&&&